"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ വയോജന സൗഹൃദ മന്ദിരം നിർമ്മിക്കുന്നതിന് സർവ്വേ 270/4A-7-2ൽപ്പെട്ട 2.63 ആർസ് ഭൂമി പരിവർത്തനം ചെയ്യുന്നതിന് - അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.9/2026/AGRI തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:- 1. വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോറം-2 അപേക്ഷ ഉള്ളടക്കം ചെയ്ത വാരപ്പെട്ടി കൃഷി ഓഫീസറുടെ 08.10.2025-ലെ KBVpty 13/25-26 നമ്പർ കത്ത്.

2. 17.11.2025-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ല കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ സർവ്വെ നമ്പർ 270/4A-7-2 ൽപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ 2.63 ആർസ് ഭൂമി വാരപ്പെട്ടി പഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് നം. 272 ആയി ഡി.പി.സി അംഗീകരിച്ച വയോജന മന്ദിരവും വയോജന പാർക്കും നിർമ്മിക്കുന്നതിലേക്കായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 17.11.2025-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ വയോജന സൗഹൃദ മന്ദിരത്തിനായി സർവ്വേ 270/4A-7-2ൽ പ്പെട്ട 2.63 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. സമാന സ്ഥലങ്ങളേയും സമീപ പ്രദേശങ്ങളിലെ നീരൊക്കിനേയും പ്രതികൂലമായി ബാധിക്കാത്ത രീതിയിലും സമാന സ്ഥലങ്ങൾ പരിവർത്തനപ്പെട്ട പോകാതേയും ടി പദ്ധതി നടപ്പിലാക്കുന്ന വിധത്തിൽ പരിവർത്തനം നടത്തേണ്ടതാണെന്നും, സമീപത്ത് വെള്ളക്കെട്ട് ഉണ്ടാകാത്ത രീതിയിൽ ആവശ്യമായ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണെന്നും, പ്രസ്തുത തരം മാറ്റം മറ്റ ഭൂമികൾ തരം മാറ്റുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കാവുന്നതല്ല എന്ന് നിഷ്കർഷിച്ചും പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥകൾ പാലിയ്ക്കുന്നുണ്ടോയെന്ന് എറണാകുളം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷാ ഭൂമിയുടെ പരിവർത്തനം സമാന സ്ഥലങ്ങളേയും സമീപ പ്രദേശങ്ങളിലെ നീരൊക്കിനേയും പ്രതികൂലമായി ബാധിക്കാത്ത രീതിയിലും സമാന സ്ഥലങ്ങൾ പരിവർത്തനപ്പെട്ടു പോകാതേയും ടി പദ്ധതി നടപ്പിലാക്കുന്ന വിധത്തിൽ പരിവർത്തനം നടത്തേണ്ടതാണെന്ന വ്യവസ്ഥയിലും, സമീപത്ത് വെള്ളക്കെട്ട് ഉണ്ടാകാത്ത രീതിയിൽ ആവശ്യമായ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണെന്നും, പ്രസ്തുത തരം മാറ്റം മറ്റു ഭൂമികൾ തരം മാറ്റുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കാവുന്നതല്ല എന്ന് നിഷ്കർഷിച്ചും, എറണാകുളം ജില്ല വാരപ്പെട്ടി വില്ലേജിൽ സർവ്വേ നം. 270/4A-7-2ൽപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായി 2.63 ആർസ് ഭൂമി വയോജന സൗഹൃദ മന്ദിരവും വയോജന പാർക്കും നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

(1) സെക്രട്ടറി, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്, എറണാകുളം.
(2) ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
(3) ജില്ലാ കളക്ടർ, എറണാകുളം.
(4) റവന്യൂ ഡിവിഷണൽ ഓഫീസർ, എറണാകുളം.
(5) ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
(6) ഡോ.അനു.ജി.കൃഷ്ണൻ, പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, കുമരകം, കോട്ടയം.
(7) പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, എറണാകുളം.
(8) കൃഷി ഓഫീസർ, വാരപ്പെട്ടി, എറണാകുളം.
(9) വില്ലേജ് ഓഫീസർ, വാരപ്പെട്ടി, എറണാകുളം.
(10) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
(11) കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (ഫയൽ നംNCA3/440/2025-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Archana B P
Date: 27-01-2026 12:11:46

സെക്ഷൻ ഓഫീസർ

പകർപ്പ്:

(1) കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
(2) കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.